കേരള സർക്കാർ

**<u>സംഗ്രഹം</u>**

ഉന്നത വിദ്യാഭ്യാസം-അച്ചടിവകുപ്പ്-സർക്കാർ പ്രസ്സിൽ പാഠപുസ്തകങ്ങൾ അച്ചടിക്കുന്നത് - നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ഉന്നതവിദ്യാഭ്യാസ(എച്ച്)വകുപ്പ്

സ.ഉ(കൈ) 213 /11/ഉ.വി.വ. തീയതി12/9/11. തിരുവനന്തപുരം.

---

**<u>ഉത്തരവ്</u>**

അച്ചടിവകുപ്പിനു കീഴിൽ ഗവൺമെന്റ് പ്രസ്സുകൾ ആധുനികവൽക്കരണത്തിന്റെ പൂർത്തീകരണത്തിലേയ്ക്ക് അതിവേഗം എത്തിക്കൊണ്ടിരിക്കുകയാണ്. ഏറ്റവും ആധുനികമായ നിരവധി multicolour, single colour, off set machine-കളും, DTP ഉൾപ്പെടെയുള്ള അനുബന്ധസജ്ജീകരണങ്ങളും പ്രസ്സുകളിൽ പ്രവർത്തനക്ഷമമായിക്കഴിഞ്ഞു. പക്ഷെ ഈ പ്രസ്സുകളുടെ പ്രവർത്തന മികവ് ഇപ്പോഴും പൂർണ്ണമായും ഉപയോഗിക്കപ്പെടുന്നില്ല. കഴിഞ്ഞ കുറെ കാലങ്ങളായി കേരളസർക്കാരിന്റെ മിക്കവാറും വകുപ്പുകളിലെ അച്ചടി ജോലികൾ സർക്കാർ പ്രസ്സുകളിൽ ഏൽപ്പിക്കപ്പെടുന്നില്ല. ഈ പ്രവണത സർക്കാരിന്റെ അച്ചടി ജോലികളെ മാത്രം ആശ്രയിച്ചു നിലനിൽക്കുന്ന സർക്കാർ പ്രസ്സുകളുടെ ഭാവിയെ അതീവ ഗുരുതരമായി ബാധിച്ചിരിക്കുകയാണ്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ പാഠപുസ്തകങ്ങളുടെ അച്ചടി ജോലികളും വിവിധ സർക്കാർ വകുപ്പുകളുടെ അച്ചടി ജോലികളും ഗവൺമെന്റ് പ്രസ്സ്, കേരള ബുക്ക് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി (കെ.ബി.പി.എസ്) എന്നീ സ്ഥാപനങ്ങളിലാണ് അച്ചടിക്കേണ്ടതെന്നും, ഈ സ്ഥാപനങ്ങളിൽ അച്ചടി പൂർത്തീകരിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ മാത്രമേ മറ്റു സ്ഥാപനങ്ങളെ അച്ചടി ജോലികൾ ഏൽപ്പിക്കാവൂ എന്നും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം
ടോം ജോസ്
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ വകുപ്പദ്ധ്യക്ഷൻമാർക്കും
ഡയറക്ടർ അച്ചടിവകുപ്പ്
മാനേജിംഗ് ഡയറക്ടർ കെ.ബി.പി.എസ്.
പ്രിൻ.അക്കൗ.ജന. (ആഡിറ്റ്) കേരളം തിരുവനന്തപുരം.
അക്കൗ.ജന.(എ & ഇ) കേരളം തിരുവനന്തപുരം
പൊതുഭരണ (എസ്.സി)വകുപ്പ് (ഇനം, തീയതി.1.9.11.
പൊതുവിദ്യാഭ്യാസ വകുപ്പ്
സ്റ്റോക്ക് ഫയൽ / Office copy.

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ